ബാഗ്ലൂരിലേക്കുള്ള യാത്രക്കാരുടെ വർദ്ധനവ് കണക്കിലെടുത്ത് പയ്യന്നൂരിൽനിന്നും ചെറുപുഴ - ആലക്കാട്, ശ്രീകണ്ഠപുരം - ഇരിട്ടി - വള്ളിത്തോടുവഴി ബാഗ്ലൂരിലേക്ക് കെ.എസ്.ആർ.ടി.സി. ഒരു സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതുവഴി സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

മേലാറന്നൂർ വഴി ബസ് സർവ്വീസ്

85 [3519] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥ പാർപ്പിട സമുച്ചയമായ മേലാറന്നൂർ സർക്കാർ ക്വാർട്ടേഴ്സ് വഴി രാവിലെയും വൈകിട്ടുമൊഴികെ മറ്റ് സമയങ്ങളിൽ ബസ് ഗതാഗത സൗകര്യം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി./ പ്രൈവറ്റ് ബസ്സുകൾ എന്നിവയ്ക്ക് പകൽ സമയങ്ങളിൽ പെർമിറ്റ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പ്രധാനമായും സർക്കാർ ഉദ്യോഗസ്ഥർ മാത്രം അധിവസിക്കുന്ന ഈ പ്രദേശത്തേയ്ക്ക് 9.30-നു ശേഷവും 4.30-നു മുൻപും സർവ്വീസ് നടത്തിയാൽ വേണ്ടത്ര യാത്രക്കാരെ ലഭിക്കില്ലായെന്നതിനാലാണ് സർവ്വീസ് നടത്താത്തത്. എന്നാൽ കാര്യമായ യാത്രാക്ലേശം ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

മാട്ടറ-കോട്ടയം ബസ് സർവ്വീസ്

86 [3520] *ശ്രീ. കെ. സി. ജോസഫ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മാട്ടറനിന്നും കോട്ടയത്തേയ്ക്ക് സർവ്വീസ് നടത്തിവന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് എന്നാണ് നിർത്തലാക്കിയതെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർവ്വീസ് നിർത്തലാക്കുവാൻ കാരണം എന്താണ്;

(സി) ലാഭകരമായിരുന്ന ഈ സർവ്വീസ് പ്രൈവറ്റ് ബസ്സുകാരെ സഹായിക്കാനാണ് നിർത്തലാക്കിയതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വീസ് ലാഭകരമാണോയെന്ന് പിശോധിക്കുവാനായി ഒരു മാസം തുടർച്ചയായി മുടങ്ങാതെ ഈ സർവ്വീസ് പുനരാരംഭിച്ച് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 11-3-2001-ൽ.

(ബി) വരുമാനം തീരെ കുറവായതിനാലാണ് ഈ സർവ്വീസ് നിർത്തലാക്കേണ്ടിവന്നത്.

(സി) ഇല്ല.

(ഡി) തൽക്കാലം നിർവ്വാഹമില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly